# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 3567

26-06-2012-ൽ മറുപടിക്ക്

## കുടിശ്ശിക പിരിക്കുന്നതിന് ഒരേ നയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.. ചിറയം ഗോപകുമാർ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) കേരള വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡിന് എന്തു തുക കുടിശ്ശികയായി നൽകാനുണ്ടെന്ന് അറിയിക്കുമോ; | (എ) 31.03.2012-ലെ കണക്കനുസരിച്ച് കേരള വാട്ടർ അതോറിറ്റി 302.17 കോടി രൂപ വൈദ്യുതി ബോർഡിന് കുടിശ്ശികയായി നൽകാനുണ്ട്. |
| (ബി) ഗാർഹിക ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന രീതിയിൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിന് ബോർഡ് നടപടി സ്വീകരിക്കുമോ; | (ബി) ഗാർഹിക ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കാനെടുക്കുന്ന നടപടികൾ കുടിശ്ശിക വരുത്തിയ വാട്ടർ അതോറിറ്റി പോലുള്ള സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിൽ ചില തടസ്സങ്ങളുണ്ട്. ജല അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകൾ, മാലിന്യപ്ലാൻറുകൾ എന്നിവിടങ്ങളിലെ വൈദ്യുത ബന്ധം വിച്ഛേദിച്ചാൽ സമൂഹത്തിലുണ്ടാകുന്ന പ്രതിസന്ധികൾ വൈദ്യുതി ബോർഡ് ഗൗരവത്തിലെടുക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ തരണം ചെയ്യുവാൻ കുടിശ്ശിക വരുത്തിയിട്ടുള്ള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൌസുകളുടെ വൈദ്യുതി കണക്ഷൻെറ എഗ്രിമെൻറ് അതോറിറ്റിയുടെ ഓഫീസ് കെട്ടിടങ്ങളിലേക്കുള്ള വൈദ്യുത ബന്ധം വിച്ഛേദിക്കുകയുണ്ടായി. ഇതിനെത്തുടർന്നുണ്ടായ നിയമ നടപടികളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാൻ ഇടക്കാല ഉത്തരവ് ഇറക്കിയിട്ടുള്ളതാണ്. |

പ്രസ്തുത ഉത്തരവിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത് പ്രകാരം കുടിശ്ശിക സംബന്ധിച്ച വിഷയങ്ങളിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഹൈപവർ കമ്മിറ്റി യോഗം വിളിച്ച് കുടിശ്ശിക ഒടുക്കാനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുള്ളതുമാണ്. എന്നാൽ ഈ തീരുമാനം ഇതുവരെ പൂർണ്ണമായി പ്രാവർത്തികമായിട്ടുമില്ല.

(സി) ഇല്ലെങ്കിൽ ബോർഡിന്റെ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിന് ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കേണ്ടി വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക വസൂലാക്കുന്നതിന് പ്രത്യേക പാക്കേജ് ആവിഷ്കരിച്ച് നടപ്പാക്കുമോ?

(സി) & (ഡി) വൈദ്യുതി ബോർഡ് ഉപഭോക്താക്കൾക്ക് നൽകുന്ന വൈദ്യുത ബില്ലിലെ തുക ബോർഡിന്റെ വരുമാനമായിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. കൂടാതെ വൈദ്യുതി കുടിശ്ശിക 'വരുമാന'മായി കണക്കാക്കിയാണ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ബോർഡിന്റെ ARR (Aggregate Revenue Requirement) ഉം Truing up petition ഉം അംഗീകരിച്ചിട്ടുള്ളത്. ആയതിനാൽ കുടിശ്ശിക തുക പിരിച്ചെടുക്കാത്തതുമൂലം കമ്മീഷൻ അംഗീകരിച്ചിട്ടുള്ള വരുമാനക്കമ്മിയിൽ മാറ്റം വരുന്നില്ല. താരിഫ് വർദ്ധനയ്ക്കായി വരുമാനക്കമ്മിയാണ് പരിഗണിക്കപ്പെടുന്നത്. കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജ്ജിതവും ക്രിയാത്മകമായ നടപടികൾ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വൈദ്യുത ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.